**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5621** **13-08-2021 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ റെഗുലേറ്റർ കം ബ്രിഡ്ജ് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന മഞ്ചേശ്വരം മണ്ഡലത്തിലെ ഷിറിയ പുഴയ്ക്ക് കുറുകെയുള്ള റെഗുലേറ്റർ കം ബ്രിഡ്ജ്, കുമ്പള കഞ്ചിക്കട്ട റെഗുലേറ്റർ കം ബ്രിഡ്ജ് എന്നീ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | കാസർഗോഡ് ജില്ലയിലെ കുമ്പള പഞ്ചായത്തിൽ ഷിറിയ പുഴയ്ക്ക് കുറുകെയുള്ള ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ കം ബ്രിഡ്ജ്, കുമ്പള പുഴയ്ക്ക് കുറുകെ കഞ്ചിക്കട്ട ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ കം ബ്രിഡ്ജ്, എന്നീ പദ്ധതികളുടെ ഡീറ്റൈൽഡ് പ്രോജക്റ്റ് റിപ്പോർട്ട് നബാർഡ് ആർ.ഐ.ഡി.എഫ് XXVII ൽ ഉൾപ്പെടുത്തി നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ അടങ്കൽ തുക എത്രയാണെന്നും പദ്ധതിയുടെ വിശദാംശങ്ങളും അറിയിക്കുമോ; പദ്ധതി യാഥാർത്ഥ്യമായാൽ ലഭിക്കുന്ന ഗുണഫലങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (ബി) | കുമ്പള പഞ്ചായത്തിൽ ഷിറിയ പുഴയ്ക്ക് കുറുകെയുള്ള ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ കം ബ്രിഡ്ജ് ബംബ്രാണയിൽ ഷിറിയ പുഴയ്ക്ക് കുറുകെ നിലവിലുള്ള കാലഹരണപ്പെട്ട ബംബ്രാണ അണക്കെട്ടിന് മുകൾവശത്തായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന 118 മീറ്റർ നീളമുള്ള ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ മംഗൽപാടി, കുമ്പള എന്നീ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നു. അറബിക്കടലിൽ നിന്നുമുള്ള ഉപ്പ വെള്ളം പ്രതിരോധിക്കാനും അപ്രകാരം കുമ്പള, മംഗൽപാടി പഞ്ചായത്തുകളിലെ 999 ഹെക്ടർ കൃഷി ഭൂമി പരിപാലിക്കാനും പദ്ധതികൊണ്ട് ലക്ഷ്യമിടുന്നു. ഇതുവഴി പരിസര പ്രദേശങ്ങളുടെ ഭൂഗർഭ ജലനിരപ്പ് ഉയർത്താനും സഹായകരമാകുന്നു. പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 30.60 കോടി രൂപ ആണ്. കഞ്ചിക്കട്ട ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ കം ബ്രിഡ്ജ് കഞ്ചിക്കട്ടയിൽ കുമ്പള പുഴയ്ക്ക് കുറുകെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന 72 മീറ്റർ നീളമുള്ള ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ കൊടിയമ്മ, കുമ്പള എന്നീ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു. അറബിക്കടലിൽ നിന്നുമുള്ള ഉപ്പുവെള്ളം പ്രതിരോധിക്കാനും അപ്രകാരം കുമ്പള പുഴയുടെ പരിസരത്തുള്ള 320 ഹെക്ടർ കൃഷി ഭൂമി പരിപാലിക്കാനും പദ്ധതികൊണ്ട് ലക്ഷ്യമിടുന്നു. ഇതുവഴി പരിസര പ്രദേശങ്ങളുടെ ഭൂഗർഭ ജലനിരപ്പ് |

| | | | |
|---|---|---|---|
| | | | ഉയർത്താനും സഹായകരമാകുന്നു. പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 18.00 കോടി രൂപയാണ്. |
| (സി) | പ്രസ്തുത പ്രവൃത്തികൾക്ക് നടപ്പ് വർഷം ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ കഴിയുമോയെന്ന് അറിയിക്കുമോ; വിശദമാക്കുമോ? | (സി) | പ്രസ്തുത പ്രവൃത്തി നടപ്പ സാമ്പത്തിക വർഷം നബാർഡ് ആർ.ഐ.ഡി.എഫ് XXVII-ൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിനായി നബാർഡിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നബാർഡിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ